## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** - 2696 12.02.2019-ലെ മറുപടി

## ഇരവിപേരൂർ - തോട്ടപ്പുഴശേരി - കോയിപ്രം പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ഇരവിപേരൂർ - തോട്ടപ്പുഴശേരി -കോയിപ്രം പഞ്ചായത്തുകൾക്കായി കിഫ്ബി ധനസഹായ പ്രകാരം പ്രഖ്യാപിച്ച ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; | എ) കിഫ്ബി 2017-18 ഇൽ ഉൾപെട്ട പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപുഴശ്ശേരി, കോയിപ്പുറം, പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി രണ്ടാം ഘട്ടത്തിൽ 85 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പരിശോധിച്ച വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ നൽകാമോ; | ബി) കിഫ്ബി 2017-18-ൽ ഉൾപെട്ട പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപുഴശ്ശേരി, കോയിപ്പുറം, പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ രണ്ടാം ഘട്ടത്തിൽ ട്രാൻസ്മിഷൻ മെയിനുകളും ജലസംഭരണികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി & കോയിപ്രം പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ (സംസ്ഥാന പദ്ധതി) ഭാഗമായുള്ള ജലശുദ്ധീകരണശാല, കിണർ എന്നിവയ്ക്കായിട്ടുള്ള സ്ഥലമേറ്റെടുപ്പ് ജോലികൾ പുരോഗമിച്ച വരുന്നു.<br>ജലശുദ്ധീകരണശാലയ്ക്ക് കോയിപ്രം വില്ലേജിൽ ബ്ലോക്ക് നം.21-ൽ പെട്ട റീ-സർവ്വേ നമ്പർ 53/1-ൽ 350 സെന്റ് സ്ഥലവും, വഴിയ്ക്കായി ബ്ലോക്ക് നം.21-ൽ പെട്ട റീ-സർവ്വേ നമ്പർ 52/12-ൽ 8 സെന്റ് സ്ഥലവും, കിണറിനും പമ്പ് ഹൗസിനും സബ്സ്റ്റേഷനുമായി ബ്ലോക്ക് നം.22-ൽ പെട്ട റീ-സർവ്വേ നമ്പർ 485/19-ൽ പെട്ട 30 സെന്റ് സ്ഥലവും ഏറ്റെടുക്കാൻ GO (Rt)No.1064/2017/WRD dated 29/12/2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിലേക്കുള്ള ആദ്യ ഗഡുവായി 87.71 ലക്ഷം |

ഗ്രൂപ്പ് സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജി.ഐ) പത്തനംതിട്ടയ്ക്ക് എസ്റ്റാബ്ലിഷ്-മെന്റ് ചാർജ്ജ്, കണ്ടിജൻസി ചാർജ്ജ് വകയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രതിദിനം 35 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലക്കു വേണ്ടി ഉദ്ദേശിച്ചിരുന്ന സ്ഥലമെടുക്കുന്നതിനെതിരെ വസ്തു ഉടമ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)No.5149/2018 ഫയൽ ചെയ്യുകയും തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 30/10/2018 -ലെ വിധി പ്രകാരം വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ പ്രസ്തുത പരാതിക്കാരിയുമായി ഹിയറിങ് നടത്തി പരാതിയിന്മേൽ തീർപ്പ കൽപ്പിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തു പ്രകാരം 15.2.2018 ന് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| സി) പദ്ധതി വഴി എത്ര പേർക്ക് ജലം ലഭ്യമാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു; വ്യക്തമാക്കാമോ; | സി) ഏകദേശം 1.64 ലക്ഷം ജനങ്ങൾക്ക് |
| ഡി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്? | ഡി) ഒന്നാം ഘട്ടത്തിലെ ശുദ്ധീകരണശാലയ്ക്കുള്ള സ്ഥലം ഇതുവരെയും ലഭ്യമായിട്ടില്ല. കൂടാതെ രണ്ടാം ഘട്ടത്തിലും ടാങ്കുകൾക്ക് വേണ്ടി സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. വിതരണശൃംഖലയും സ്ഥാപിക്കേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

Renuka Sankar
സെക്ഷൻ ഓഫീസർ